നം.എച്ച്.2/33672/10/ഡിപിഐ

പൊതുവിദ്യാഭ്യാസ ഡയറക്ടറേറ്റ്,
തിരുവനന്തപുരം, തീയതി, 30.7.2010.

## സർക്കുലർ

വിഷയം :- പൊതുവിദ്യാഭ്യാസം - തസ്തിക നിർണ്ണയം 2010-2011 ഏകദിന പരിശോധനാ തീയതി ദീർഘിപ്പിച്ചതിനാൽ ജൂലൈ മാസത്തെ ശംബള വിതരണം - സംബന്ധിച്ച്

സൂചന :- 26.7.2010ലെ എസ്.ആർ.ഒ.നമ്പർ.735/2010 ഗസറ്റ് വിജ്ഞാപനം

സൂചനയിലെ ഗസറ്റ് വിജ്ഞാപനമനുസരിച്ച്, 2010-2011 വർഷത്തെ സർക്കാർ/എയിഡഡ് സ്കൂളുകളിലെ ഏകദിന പരിശോധനാ തീയതി 2010 ആഗസ്റ്റ് 14 വരെ ദീർഘിപ്പിച്ചിട്ടുള്ളതിനാൽ, നിലവിലുള്ള തസ്തിക നിർണ്ണയ ഉത്തരവ് പ്രകാരം തസ്തികകൾ ഉണ്ടായിരിക്കുകയും ഇതേ തസ്തികകൾ 2010-2011 വർഷവും നിലനിർത്താനുള്ള സാഹചര്യം നിലവിലുള്ള എല്ലാ സ്കൂളുകളിലേയും അദ്ധ്യാപക അദ്ധ്യാപകേതര ജീവനക്കാർക്ക് 2010 ജൂലൈ മാസത്തെ ശംബളം നൽകുന്നതിന് ഉത്തരവാകുന്നു. ഈ നിബന്ധനയിൽ ഉൾപ്പെടാത്ത അദ്ധ്യാപക അദ്ധ്യാപകേതര ജീവനക്കാരെ സംബന്ധിച്ച് നിലവിലുള്ള ഉത്തരവുകൾ അനുസരിച്ച് സംരക്ഷണത്തിന് അർഹതയുണ്ടെങ്കിൽ അവർക്കും ജൂലൈ മാസത്തെ ശംബളം നൽകാവുന്നതാണ്.

പൊതുവിദ്യാഭ്യാസ ഡയറക്ടർക്കുവേണ്ടി.

പകർപ്പ്:- എല്ലാ വിദ്യാഭ്യാസ ഡെപ്യൂട്ടി ഡയറക്ടർമാർക്കും,
ജില്ലാ വിദ്യാഭ്യാസ ആഫീസർമാർക്കും,
ഉപജില്ലാ വിദ്യാഭ്യാസ ആഫീസർമാർക്കും.